REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 02-05-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് താപനില ഉയരുന്ന സാഹചര്യത്തിൽ ദുരന്ത നിവാരണ അതോറിറ്റി തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ആരംഭിച്ചു.**
- **പാലക്കാട് ജില്ലയിലെ ഉഷ്ണതരംഗ സാഹചര്യം വളർത്തു മൃഗങ്ങളുടെ ജീവനും ഭീഷണിയാവുന്നു.**
- **സംസ്ഥാനത്ത് ലോഡ്ഷെഡിംഗ് ഏർപ്പെടുത്തുന്നതടക്കം കാര്യങ്ങൾ ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് ഉന്നതതലയോഗം അൽപ്പ സമയത്തിനകം ആരംഭിയ്ക്കും.**
- **അഞ്ചാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് പത്രികാ സമർപ്പണം നാളെ അവസാനിക്കും.**
- **ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്ക്കരണത്തിൽ നിന്ന് പിന്നോട്ടില്ലെന്ന് മന്ത്രി K.B ഗണേഷ് കുമാർ.**
- **IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസിനെ നേരിടും.**

## വാർത്തകൾ വിശദമായി

**ദുരന്ത നിവാരണ അതോറിറ്റി തിരുവനന്തപുരത്ത് യോഗം ആരംഭിച്ചു. സംസ്ഥാനത്ത് താപനില ഉയരുന്ന സാഹചര്യത്തിലാണ് മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ചേരുന്നത്.**

സൂര്യാഘാതം മൂലം മരണങ്ങൾ തുടരുന്നതും, പാലക്കാട് അടക്കം ജില്ലകളിൽ 40 ഡിഗ്രിയിൽ ചൂട് നിലനിൽക്കുന്ന സാഹചര്യത്തിലുമാണ് മുഖ്യമന്ത്രി യോഗം വിളിച്ചത്.

✪✪✪

സംസ്ഥാനത്ത് കൊടും ചൂട് തുടരുന്നു. ഉഷ്ണതരംഗം കണക്കിലെടുത്ത് പാലക്കാട്, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. ഞായറാഴ്ച വരെ തിരുവനന്തപുരം, എറണാകുളം, കാസർഗോഡ്, മലപ്പുറം ജില്ലകളിൽ 3 മുതൽ 5 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

11 ജില്ലകളിൽ ഇന്ന് മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കാസർക്കോട്, കണ്ണൂർ, മലപ്പുറം ഒഴികെ ജില്ലകളിലാണ് മഴ മുന്നറിയിപ്പ്.

✪✪✪

മലപ്പുറത്ത് സൂര്യാഘാതമേറ്റ് ഒരാൾ മരിച്ചു. മലപ്പുറം പടിഞ്ഞാറ്റുമുറി സ്വദേശി മുഹമ്മദ് ഹനീഫയാണ് മരിച്ചത്. കൂലി തൊഴിലാളിയായ ഇയാൾ ഇന്നലെ ജോലി സ്ഥലത്ത് കുഴഞ്ഞു വീഴുകയായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെയാണ് മരിച്ചത്.

✪✪✪

പാലക്കാട് ജില്ലയിൽ നിലനിൽക്കുന്ന ഉഷ്ണ തരംഗ സാഹചര്യം വളർത്തു മൃഗങ്ങളുടെ ജീവനും ഭീഷണിയാവുന്നു.

വളർത്തു മൃഗങ്ങളേയും സൂര്യാഘാതമേൽക്കാതെ സംരക്ഷിക്കണമെന്ന് മൃഗ സംരക്ഷണ വകുപ്പ് അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...

..........വോയ്സ്..............

✪✪✪

സംസ്ഥാനത്ത് ലോഡ്ഷെഡിംഗ് ഏർപ്പെടുത്തുന്നതടക്കം കാര്യങ്ങൾ ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് ഉന്നതതലയോഗം അൽപ്പ സമയത്തിനകം ആരംഭിയ്ക്കും. വൈദ്യുതി ഉപയോഗം ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ മന്ത്രി K കൃഷ്ണൻകുട്ടിയുടെ അധ്യക്ഷതയിലാണ് യോഗം. ബോർഡ് ചെയർമാനും ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ വൈദ്യുതി ഉപയോഗത്തിൽ വൻ വർദ്ധന ഉണ്ടായതിനെ തുടർന്ന് പലയിടങ്ങളിലും വൈദ്യുതി തടസ്സം റിപ്പോർട്ട് ചെയ്തിരുന്നു. ഉപഭോഗം നിയന്ത്രിക്കാതെ ഇപ്പോഴത്തെ സാഹചര്യം നേരിടാനാവില്ലെന്നാണ് KSEB പറയുന്നത്.

✪✪✪

അഞ്ചാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് പത്രികാ സമർപ്പണം നാളെ അവസാനിക്കും. ആറു സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളായ ജമ്മുകശ്മീർ, ലഡാക്ക്

എന്നിവിടങ്ങളുമായി 49 മണ്ഡലങ്ങളിലാണ് അഞ്ചാം ഘട്ടത്തിൽ ഈ മാസം 20 ന് വോട്ടെടുപ്പ്. ഉത്തർപ്രദേശിലെ 14, മഹാരാഷ്ട്രയിലെ 13, പശ്ചിമ ബംഗാളിലെ 7, ബിഹാറിലെ 5, ജാർഖണ്ഡിലെ 3 മണ്ഡലങ്ങളും ജമ്മുകശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലെ ഓരോ മണ്ഡലവുമാണ് ഈ ഘട്ടത്തിൽ വിധിയെഴുതുന്നത്.

✪✪✪

അമേഠിയിലും റായ്ബറേലിയിലും മത്സരിക്കുന്ന കോൺഗ്രസ്സ് സ്ഥാനാർത്ഥികളെ ഇന്ന് പ്രഖ്യാപിച്ചേക്കും. രാഹുൽഗാന്ധിയും പ്രിയങ്കാഗാന്ധിയും മത്സരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ, കോൺഗ്രസ് കേന്ദ്ര തിരഞ്ഞെടുപ്പ് സമിതിയോഗം, അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയെ ചുമതലപ്പെടുത്തിയിരുന്നു.

✪✪✪

തിരുവനന്തപുരം മേയറും KSRTC ഡ്രൈവറുമായി ഉണ്ടായ തർക്കത്തിൽ ബസിനുള്ളിലെ CCTV ക്യാമറയുടെ മെമ്മറി കാർഡ് കാണാതായത് ദുരൂഹമാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. മേയറുടെ ഭർത്താവും MLA യുമായ സച്ചിൻ ദേവ് ബസിനുള്ളിൽ കയറി യാത്രക്കാരെ ഇറക്കിവിട്ടെന്ന ആരോപണം നിലനിൽക്കെയാണ് മെമ്മറി കാർഡ് അപ്രത്യക്ഷമായത്. ദൃശ്യങ്ങൾ പുറത്തു വന്നാൽ വാദങ്ങൾ പൊളിയുമെന്ന ആശങ്കയിൽ മെമ്മറി കാർഡ് ബോധപൂർവം എടുത്തു മാറ്റുകയും നശിപ്പിക്കുകയും ചെയ്തതായി സംശയമുണ്ടെന്ന് അദ്ദേഹം തിരുവനന്തപുരത്ത്

പറഞ്ഞു. കേസിൽ നിർണായക തെളിവാകുമായിരുന്ന മെമ്മറി കാർഡ് അപ്രത്യക്ഷമായതിന് പിന്നിൽ രാഷ്ട്രീയ ഗൂഢാലോചനയുണ്ടോയെന്നും അദ്ദേഹം ആരോപിച്ചു.

മേയറും MLA-യും സംഘവും നടത്തിയ നിയമ ലംഘനങ്ങളിൽ കേസെടുക്കാത്തത് അംഗീകരിക്കാനാകില്ലെന്നും സതീശൻ പറഞ്ഞു.

✪✪✪

അടുത്ത വർഷത്തെ പത്മ അവാർഡുകൾക്ക് ഓൺലൈൻ നാമനിർദ്ദേശങ്ങളും ശുപാർശകളും ആരംഭിച്ചു. സെപ്റ്റംബർ 15വരെ നോമിനേഷനുകളും ശുപാർശകളും രാഷ്ട്രീയ പുരസ്കാർ പോർട്ടലായ www.awards.gov.in -ൽ സ്വീകരിക്കും.

✪✪✪

ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്ക്കരണത്തിൽ നിന്ന് പിന്നോട്ടില്ലെന്നും പ്രതിഷേധം കണ്ട് പിൻമാറില്ലെന്നും മന്ത്രി K.B ഗണേഷ് കുമാർ പറഞ്ഞു. കോടതി നിർദേശിച്ചാൽ മാത്രമേ ഇതിൽ നിന്ന് പിൻമാറൂവെന്നും ഇക്കാര്യത്തിൽ ഈഗോയില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് വ്യക്തമാക്കി. ഡ്രൈവിംഗ് സ്കൂൾ മാഫിയാ സംഘങ്ങളാണ് പ്രതിഷേധങ്ങൾക്ക് പിന്നിലെന്ന് മന്ത്രി കുറ്റപ്പെടുത്തി. ഇവർക്ക് കൂട്ടായി ചില ഉദ്യോഗസ്ഥരുമുണ്ട്. അഴിമതി കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി തുടരുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസ് പരീക്ഷാ പരിഷ്ക്കരണം ഇന്ന് മുതലാണ് നടപ്പാക്കിയത്. കാറുകളും മറ്റു ചെറിയ വാഹനങ്ങളും ഉൾപ്പെടുന്ന ലൈറ്റ് മോട്ടോർ വാഹനങ്ങൾക്കാണ് ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണം.

റോഡ് ടെസ്റ്റിന് ശേഷമായിരിക്കും H ടെസ്റ്റിൽ പങ്കെടുപ്പിക്കുക. റോഡ് ടെസ്റ്റിലും, ഇതുവരെ നടത്തിയ രീതികളിൽ മാറ്റമുണ്ട്.

പരിഷ്കരണത്തിൽ പ്രതിഷേധിച്ച് ഡ്രൈവിംഗ് സ്കൂൾ ഉടമകൾ അനിശ്ചിതകാല സമരത്തിലാണ്.

✪✪✪

പ്രതിഷേധം മൂലം കൊല്ലത്ത് ടെസ്റ്റ് നടന്നില്ല. ആശ്രാമം മൈതാനത്തെ ഗ്രൗണ്ടിൽ രാവിലെ ഉദ്യോഗസ്ഥർ എത്തിയെങ്കിലും ടെസ്റ്റ് നടത്താനായില്ല. ഡ്രൈവിങ് സ്കൂളുകാർ പ്രതിഷേധവുമായി നിലയുറപ്പിച്ചു. എത്തിയ പരീക്ഷാർത്ഥികളെ ഡ്രൈവിങ് സ്കൂളുകാർ നേരത്തെതന്നെ മടക്കി അയച്ചിരുന്നു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസിനെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് ഹൈദരാബാദിലാണ് മത്സരം.

ഇന്നലെ പഞ്ചാബ് കിംഗ്സ്, ചെന്നൈ സൂപ്പർ കിംഗ്സിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി.

✪✪✪

കണ്ണൂരിൽ ജില്ലാ സീനിയർ ഡിവിഷൻ ലീഗ് ഫുട്ബോളിൽ ഇന്ന് കണ്ണൂർ S.N കോളേജ്, വളപട്ടണം ടൗൺ ഫുട്ബോൾ കോച്ചിംഗ് സെന്ററുമായും, ചാലാട് മൈത്രി സ്പോർട്സ് ക്ലബ്, കണ്ണൂർ യൂണൈറ്റഡ് FC യുമായും ഏറ്റുമുട്ടും.

ഇന്നലെ കണ്ണൂർ ലക്കി സ്റ്റാർ ക്ലബ്, മറുപടിയില്ലാത്ത 7 ഗോളിന്, ലക്കി ബോയ്സ് കണ്ണൂരിനെ പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ ഒന്നിനെതിരെ അഞ്ച് ഗോളിന് കണ്ണൂർ ജിംഖാന ക്ലബ്ബ്, കുത്തുപറമ്പ് ബ്രദേർസ് ക്ലബ്ബിനെ തോൽപ്പിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ദമാമിലേക്ക് സർവീസ് ആരംഭിച്ചു. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലാണ് സർവ്വീസ്. അബുദാബിയിലേക്കും മസ്ക്കറ്റിലേക്കും സർവീസുകളും ഈ മാസം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. റാസൽ ഖൈമയിലേക്ക് എയർ ഇന്ത്യ എക്സ്പ്രസ് ഇന്നലെ സർവീസ് ആരംഭിച്ചിരുന്നു.

ഏറ്റവും ആധുനികവും പുതിയതുമായ ബോയിങ് 737 മാക്സ് വിമാനങ്ങൾ ആണ് എയർ ഇന്ത്യ എക്സ്പ്രസ്സ് പുതിയ സർവീസുകൾക്കായി ഉപയോഗിക്കുന്നത്.

✪✪✪

തൃശ്ശൂർ പൂരം ഉൾപ്പടെ വിവിധ ഉത്സവങ്ങളിൽ ആനച്ചമയ നിർമാണത്തിൽ പ്രസിദ്ധനായ പെരുമ്പിള്ളിശ്ശേരി P.K ശങ്കരൻകുട്ടി തൃശൂർ ചേർപ്പിൽ നിര്യാതനായി. അദ്ദേഹത്തിന് 70 വയസ്സായിരുന്നു. ആനച്ചമയത്തിലെ കുടകൾ നിർമിക്കുന്ന തിന്റെ ആദ്യപടിയായ ഒറ്റൽപ്പണിയിലും വിദഗ്ദ്ധനായിരുന്നു.

സംസ്കാരം നാളെ രാവിലെ എട്ടരയ്ക്ക് വടൂക്കര ശ്മശാനത്തിൽ നടക്കും.

✪✪✪

ജമ്മു കശ്മീരിലെ ബെനിഹാളിൽ മലയാളി വിനോദയാത്രാ സംഘം സഞ്ചരിച്ച ടെമ്പോ ട്രാവലർ അപകടത്തിൽപ്പെട്ട് ഒരാൾ മരിച്ചു. നാദാപുരം സ്വദേശിയും തിരുവനന്തപുരത്ത് IT കമ്പനി ജീവനക്കാരനുമായ P.P.സഫ്വാൻ ആണ് മരിച്ചത്. അപകടത്തിൽ 14 പേർക്ക് പരിക്കേറ്റു. ഇവരിൽ 12 പേർ മലയാളികളാണ്. ആറ് പേരുടെ നില ഗുരുതരമാണ്. മലപ്പുറം ജാമിയ സലഫിയ ഫാർമസി കോളജിലെ മുൻ ബിഫാം വിദ്യാർഥികളാണ് അപകടത്തിൽപെട്ടവരിൽ ആറുപേർ. ഇന്നലെ വൈകിട്ട് ജമ്മുവിൽ നിന്ന് ശ്രീനഗറിലേക്ക് വരികയായിരുന്ന ടെമ്പോ ട്രാവലർ, എതിർദിശയിൽ നിന്ന് വന്ന ട്രക്കുമായി കൂട്ടിയിടിച്ചായിരുന്നു അപകടം.

✪✪✪

കോഴിക്കോട് നല്ലളം, ഡീസൽ പ്ലാന്റിന് മുന്നിൽ സ്കൂട്ടറും ലോറിയും കൂട്ടിയിടിച്ച് മത്സ്യത്തൊഴിലാളി മരിച്ചു. ഫറോക്ക് ഭാഗത്തേക്ക് മൽസ്യവുമായി പോകുകയായിരുന്ന കൊടക്കല്ല് സ്വദേശി ബിച്ചാലിയാണ് മരിച്ചത്.

✪✪✪

ആലുവയ്ക്കു സമീപം മീൻ കയറ്റിവന്ന കണ്ടെയ്നർ ലോറി, മെട്രോ തൂണിലിടിച്ച് രണ്ടു പേർ മരിച്ചു. ആന്ധ്രയിൽ നിന്ന് വരികയായിരുന്ന ലോറി, പുലർച്ചെ രണ്ടു

മണിയോടെയാണ് അപകടത്തിൽപ്പെട്ടത്. കൊച്ചി മെട്രോയുടെ 187-ാം നമ്പർ തൂണിലാണ് ലോറിയിടിച്ചത്. ഡ്രൈവറും സഹായിയും സംഭവസ്ഥലത്തു തന്നെ മരിച്ചു.

✪✪✪

പൂർവ വിദ്യാർത്ഥി സംഗമങ്ങൾ ഗൃഹാതുരമായ ഓർമകളുടെ സംഗമ വേദികൾ ആകുന്നതിനപ്പുറം വരും കാലത്തെ കലാലയ വികസനത്തിന് കൈത്താങ്ങായി മാറണമെന്ന് മന്ത്രി ഡോ. R.ബിന്ദു അഭിപ്രായപ്പെട്ടു. കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് വജ്ര ജൂബിലിയുടെ ഭാഗമായി സംഘടിപ്പിച്ച പൂർവ വിദ്യാർഥി മഹാ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കോസ്റ്റ്ഗാർഡ്, ലക്ഷദ്വീപ് ഭരണകൂടവുമായി സഹകരിച്ച് തുടർന്നും ദ്വീപുകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുമെന്ന് പശ്ചിമമേഖലാ കോസ്റ്റ് ഗാർഡ് കമാൻഡർ IG ബിഷിം ശർമ്മയും, സർജൻ കമാൻഡർ ദിവ്യഗൗതമും അറിയിച്ചു. കവരത്തി, ആന്ത്രോത്ത് ദ്വീപുകളിൽ സംഘടിപ്പിച്ച, മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുകയായിരുന്നു അവർ.

✪✪✪

ലക്ഷദ്വീപിന്റെ ആരോഗ്യ മേഖലയിൽ മെച്ചപെട്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടെന്നും അതിനോടൊപ്പം വൻകരയിലെ വിദഗ്ദ്ധ ചികിത്സാ മേഖലകളുമായി സാങ്കേതികമായും സമയബന്ധിതവുമായ സഹകരണം

മെച്ചപെടുത്തുകയാണ് വേണ്ടതെന്നും ഡൽഹി എയിംസ് ഡയറക്ടർ Dr.M.ശ്രീനിവാസ് പറഞ്ഞു.

കവരത്തി, അന്ത്രോത്ത് ദ്വീപുകളിൽ Indian Coast Guard, Delhi എയിംസ്, UT Administration എന്നിവർ സംയുക്തമായി സംഘടിപ്പിച്ച മൾട്ടി സ്പെഷാലിറ്റി മെഡിക്കൽ ക്യാംപിന്റെ ഭാഗമായി പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

സ്വർണ്ണവിലയിൽ ഇന്ന് വൻ വർദ്ധന. പവന് 560 രൂപ കൂടി 53,000 ത്തിലെത്തി. 6,625 രൂപയാണ് ഗ്രാമിന്.

✪✪✪